## കണ്ണൂർ ജില്ലാ പഞ്ചായത്ത്
## എസ്.എസ്. എൽ. സി. മുകുളം മാതൃകാപരീക്ഷ – 2018
## മലയാളം - കേരളപാഠാവലി

ക്ലാസ് - 10 ആകെ സ്കോർ - 40

സമയം - 1½ മണിക്കൂർ

---

നിർദ്ദേശങ്ങൾ

*ആദ്യത്തെ 15 മിനുട്ട് സമാശ്വാസ സമയമാണ്.

*നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചതിന് ശേഷം ഉത്തരമെഴുതുക.

*ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

---

**ഒന്നുമുതൽ അഞ്ച് വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4x1=4)**

1. ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
   ലീവിധം വികലമാം സുഖോദയം.
   ആശാന്റെ ഈ നീരീക്ഷണത്തോട് ഏറ്റവും യോജിച്ച പ്രസ്താവന ഏത്?
   *പിരിഞ്ഞിരിക്കുന്നവരിൽ സുഖം എന്നുമുണ്ടായിരിക്കും.
   * ദീർഘകാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുന്ന സ്നേഹബദ്ധരുടെ മനസ്സ് വികാര പരവശമായിരിക്കും
   * പരസ്പരം ഇണങ്ങിയവർ ഒരിക്കലും പിരിഞ്ഞിരിക്കരുത്.
   * സുഖം എപ്പോഴും വികലമായിരിക്കും.
2. <u>ഇടം വലം ഉലഞ്ഞ് വീട് അടുത്തുവന്നു</u>. കുഴമണ്ണിൽ പുതഞ്ഞ് കനം വച്ച മരച്ചെരുപ്പുകളോടെ, നരച്ച ഇരുട്ടിൽ നടക്കല്ലുകൾ ബദ്ധപ്പെട്ടു കയറി മിറൽ വാതിലിൽ മുട്ടി. അടിവരയിട്ട പ്രയോഗം നൽകുന്ന സൂചന-
   * കാറ്റിൽ വീട് ഇളകിവീഴുന്നത് മിറൽ കാണുന്നു.
   * വൃദ്ധനായ മിറലിൻ കാഴ്ചശക്തി കുറവാണ്.
   * മിറലിന്റെ മനസ്സ് ആശങ്കയാൽ കലുഷിതമാണ്.
   * കെട്ടുറപ്പില്ലാത്ത വീട് എപ്പോൾ വേണമെങ്കിലും തകർന്നുവീണേക്കാമെന്ന ആശങ്ക.
3. "പണ്ടുദൈവം കടിഞ്ഞാണുമായ് വന്നു
   കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ."
   ഈ വരികളിലെ ആശയത്തോട് യോജിക്കാത്തത് ഏത്?
   * സർഗ്ഗശക്തിയെ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി ഉപയോഗിച്ചു.
   * മതവും വിശ്വാസവും സർഗ്ഗശക്തിയെ തങ്ങൾക്ക് അനുകൂലമാക്കാൻ ശ്രമിച്ചു.
   * അധികാര കേന്ദ്രങ്ങൾ സർഗ്ഗശക്തിയെ തങ്ങളുടെ സ്തുതിപാഠകരാക്കാൻ ശ്രമിച്ചു.
   * മതവും അധികാരവും സർഗ്ഗശക്തിയെ മനുഷ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തി.
4. "നന്നല്ല ദേഹംനിമിത്തം മഹാമോഹം."
   ഈ വരികളിലെ ആശയത്തോട് പൊരുത്തമില്ലാത്തത്?
   * ദേഹത്തെ അടിസ്ഥാനമാക്കിയുള്ള അതിമോഹം നന്നല്ല.
   * ദേഹമാണ് മോഹത്തിന് കാരണമാവുക.
   * ദേഹം നമ്മുടെ മോഹത്തെ നശിപ്പിക്കുന്നു.
   * ഈ ദേഹം എപ്പോൾ വേണമെങ്കിലും നശിക്കാവുന്നതാണ്.
5. " പ്രിയപ്പെട്ട മൈക്കലാഞ്ജലോ! നന്ദി! "
   കവി നന്ദി പറയുന്നത് എന്തുകൊണ്ടാവാം?
   * ശില്പം തകർക്കപ്പെട്ടതിനാൽ.
   * മനോഹരമായ ശില്പം ലോകത്തിന് നൽകിയതിനാൽ.
   * ' പിയത്ത' എന്ന ശില്പം കാണാൻ കഴിഞ്ഞതിനാൽ.
   * ശില്പിയെ ഓർക്കാൻ കഴിഞ്ഞതിനാൽ.

www.shenischool.in To Join sheni blog news Group SMS your Name to 9447490316

**ആറ് മുതൽ പതിനൊന്ന് വരെയുള്ള ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**
**(5x2=10)**

6. വാക്യങ്ങൾ വായിച്ച് അടിവരയിട്ട പദങ്ങൾ വിഗ്രഹിച്ചെഴുതുക.
*തങ്ങളുടെ പിന്നാലെ ഒരു ജനക്കൂട്ടവും വന്നു.
*ഭാരതം നാളെ സ്വതന്ത്രമാവും; സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കുവേണം!
7. "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകന്നേ വരൂ" -എഴുത്തച്ഛൻ
മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥയുമായി ഈ വരികളെ ബന്ധിപ്പിക്കാവുന്ന രണ്ട് നിരീക്ഷണങ്ങൾ എഴുതുക.
8. "കടൽത്തീരത്ത് "എന്ന കഥയിലെ സംഭാഷണങ്ങൾ ചുരുക്കം വാക്കുകളിൽ മാത്രമാണ് - അവയ്ക്കിടലെ മൌനം വികാരസാന്ദ്രവും.
ഇതിന് അനുയോജ്യമായ ഒരു സന്ദർഭം കഥയിൽനിന്ന് കണ്ടെത്തി എഴുതുക.
9. "കാലാഹിനാ പരിഗ്രസ്ഥമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."
ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തി എഴുതുക.
10. "വൈരി വൈരസേനിക്കിഹ ഞാൻ കലി.
തവ ഞാൻ മിത്രം , തസ്യ നാട്ടു ഞാൻ
തേ തരുന്നു, ചൂതുപൊരുക പോരിക."
കലി ഇവിടെ "ഞാൻ" "ഞാൻ" എന്ന് ആവർത്തിച്ച് പറയുന്നതായി കാണാം. ഇങ്ങനെ പറയുന്ന കലിയുടെ രണ്ട് ഭാവങ്ങൾ കണ്ടെത്തി എഴുതുക.
11. "ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്."
ദ്രൌണിയെ കുറിച്ചുള്ള മാരാരുടെ ഈ നിരീക്ഷണത്തിന് അനുയോജ്യമായ രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തുക.

**പന്ത്രണ്ടുമുതൽ പതിനേഴ വരെയുള്ള ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.** **(5x4=20)**

12. ആ പ്രായത്തിലാണ്,
എന്നെത്തേടി കവിത വന്നണഞ്ഞത്.
എനിക്കറിയില്ലാ ,
എവിടെ നിന്നാണ് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തു വിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങിനെയാ , ണെപ്പോഴാണെന്നും
എനിക്കിറിയില്ല...... പാബ്ലോ നെരൂദ

"അയാൾ പോയി തുലയട്ടെ! അങ്ങിനെ സമയനിബന്ധന വച്ച് എങ്ങനെ നോവലെഴുതും? നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരനു പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല. ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്."
-ദസ്തയേവ്സ്കി

സാഹിത്യ രചനയെ കുറിച്ചുള്ള ഇരുവരുടെയും അഭിപ്രായങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

www.shenischool.in To Join sheni blog news Group SMS your Name to 9447490316

13. "അപ്പോൾ അവൻ അമ്മയോട് ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നത് എന്നു ചോദിച്ചതായും ഒരു ഷ്ക്കോൾക്കുട്ടി യാണെന്ന് തള്ള മറുപടി പറഞ്ഞതായും അറഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി."

"ഇക്കൊല്ലം നമ്മൾ സ്പോട്സിൽ തോറ്റുപോയി. സാരമില്ല , എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ , അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്."
എന്റെ സത്യസന്ധത എനിക്ക് നൽകിയ ആനന്ദം ആ മുപ്പത് രൂപയേക്കാൾ എത്രയോ വലുതായിരുന്നു.

-ശരൺ കുമാർ ലിംബാളെ-

14. ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന പരിവർത്തനങ്ങളെയും മനുഷ്യമനസ്സിൽ ഈ പരിവർത്തനങ്ങളുടെ ഫലമായി ഉദയംകൊള്ളുന്ന സുഖതൃഷ്ണകളേയും ലളിതഭാഷയിൽ ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

-ഋതുസംഹാരം

മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതിമധുരങ്ങളായ ചിത്രങ്ങൾ അതിൽ ചിതറിക്കിടക്കുന്നു.

-ശാകുന്തളം

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ഇരുകൃതികളിലും കാളിദാസൻ ചിത്രീകരിച്ചിരിക്കുന്നതിലെ സവിശേഷതകൾ വ്യക്തമാക്കുന്ന ലഘുക്കുറിപ്പ് തയ്യാറാക്കുക.

15. "നരനുനരനശുദ്ധവസ്തുപോലും
ധരയിൽ നടപ്പതു തീണ്ടലാണുപോലും."

-ആശാൻ

ഒരു മഹാർ ആണെന്ന് മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരിപ്പുതുന്നാൻ കൂട്ടാക്കിയില്ല.

ശരൺ കുമാർ ലിംബാളെ

കവിതാഭാഗത്തിലെ ആശയം ലിംബാളെയുടെ ജീവിതവുമായി എത്രമാത്രം യോജിക്കുന്നു എന്ന് പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

16. "എത്രകൊറ്റക്കുടകൾ യുഗങ്ങൾ
കുത്തിനിർത്തിയ മുത്തണിക്കുണുകൾ
അക്കുളമ്പടിയേറ്റു വീണുപോയ്
അത്രയേറെ ബ്ഭരണകൂടങ്ങളും"

-അശ്വമേധം

സാമൂഹികമാറ്റത്തിന്റെ ചാലക ശക്തികളിലൊന്നായി കവി സാഹിത്യത്തെ കാണുന്നുണ്ടോ? വരികൾ വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക.

17. എല്ലവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നത് കണ്ട ആ നിമിഷം , ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.
കഥാന്ത്യത്തിലെ ഈ വാക്യം സൃഷ്ടിക്കുന്ന ഭാവ തലം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

**പതിനെട്ട് , പത്തൊൻപത് ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക.**

**(1x6=6)**

18. "കവിക്ക് ദൃശ്യലോകവും അദൃശ്യലോകവും ഒന്നുപോലെ സ്വാധീനമാണ്. അത്രതന്നെയല്ല, അദൃശ്യമായ മാനസിക ലോകത്തിലാണ് അത് മിക്കപ്പോഴും സ്വച്ഛന്ദം വിഹരിക്കുന്നത്." -

എം. പി. പോൾ

ഈ നിരിക്ഷണം 'മൈക്കലാഞ്ചലോ, മാപ്പ് 'എന്ന കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

www.shenischool.in To Join sheni blog news Group SMS your Name to 9447490316

19. പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക
അന്യജീവനതകീ സ്വജീവിതം
ധന്യമാക്കുമമലെ വിവേകികൾ നളിനി

നീയോ സുധീർ! നീ....നീ....ഇവിടെ....ഇപ്പോൾ...
ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.
ഇരു സന്ദർഭങ്ങളിലും മനുഷ്യബന്ധത്തിന്റെ വൈചിത്ര്യങ്ങൾ മിഴിവോടെ ആവിഷ്കരിക്കപ്പെടുന്നുണ്ട്. കഥയെയും കവിതാഭാഗത്തെയും വിലയിരുത്തി ലഘൂപന്യാസം തയ്യാറാക്കുക.

********************

www.shenischool.in To Join sheni blog news Group SMS your Name to 9447490316